പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **992**

10.08.2017-ൽ മറുപടിക്ക്

# പെരുമ്പട്ട പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.രാജഗോപാലൻ | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലാ വികസന പാക്കേജിൽ ഉൾപ്പെടുത്തി എ.എസ് ലഭിച്ചതും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഡിസൈൻ പൂർത്തീകരിച്ചതുമായ പെരുമ്പട്ട പാലത്തിന്റെ നിർമ്മാണം എന്നാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇരുഭാഗങ്ങളിലെയും എത്ര കിലോമീറ്റർ അപ്രോച്ച് റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പ്രവൃത്തിയുടെ ടി.എസ് നുള്ള ഫയൽ മാസങ്ങളായി പി.ഡബ്ള്യൂ.ഡി റോഡ്സ് വിഭാഗം ചീഫ് എൻജിനീയറുടെ ഓഫീസിൽ പെൻഡിങ്ങിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും<br><br>കാസർഗോഡ് ജില്ലാ വികസന പാക്കേജിൽ ഉൾപ്പെടുത്തി 990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മേൽ പ്രവൃത്തിക്കായി 940 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചുവെങ്കിലും വിശദമായി പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടെത്തുകയും ആയതു പരിഹരിക്കുന്നതിനായി പലതവണ എസ്റ്റിമേറ്റ്, ഡിവിഷൻ ഓഫീസിലേക്ക് തിരിച്ചു നൽകി തിരുത്തലുകൾ വരുത്തിയെങ്കിലും പൂർണ്ണമായി ന്യൂനതകൾ പരിഹരിച്ച് ലഭിച്ചിട്ടില്ല. എത്രയും വേഗം അപാകതകൾ പരിഹരിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പെരുമ്പട്ട ഭാഗവും കുണ്ട്യം ഭാഗവും കൂടി ആകെ 780 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ